# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1923 | 06/07/2015 ൽ മറുപടിക്ക് |
|---|---|

## വിജിലൻസ് കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം.ആരിഫ്** | | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതു വരെ വിജിലൻസിന് വിട്ട കേസുകൾ, പിൻവലിച്ച വിജിലൻസ് കേസുകൾ, ടോൾ ഫ്രീ നമ്പർ വഴി വിജിലൻസിന് ലഭിച്ച പരാതികൾ, ഇതിൽ പ്രാഥമികാന്വേഷണത്തിന് ശേഷം തുടരന്വേഷണത്തിനുത്തരവിട്ട കേസ്സുകൾ എന്നിവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഏകദേശം 700 കേസുകൾ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 11 വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിനായി നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെങ്കിലും അതിൽ 4 കേസുകൾ മാത്രമേ കോടതി പിൻവലിച്ചതായിട്ട് ഉത്തരവ് ലഭിച്ചിട്ടുള്ളൂ. 18/12/2012 മുതൽ 15/06/2015 വരെ ടോൾഫ്രീ നമ്പർ വഴി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് 9060 പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രാഥമിക അന്വേഷണം നടത്തി, അതിൽ 6819 പരാതികൾ കഴമ്പില്ല എന്ന് കണ്ട് തീർപ്പാക്കുകയും 352 പരാതികളിൽ തുടരന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**